# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3576** | **20.06.2019-ൽ മറുപടിക്ക്**

**കൊച്ചി സിറ്റി എ.ആർ ഓഫീസിൽ കാഷ്യർ ഇല്ലാത്ത അവസ്ഥ**

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
|---|---|
| (എ) കാഷിന്റെ ചുമതലയ്ക്കായി കാഷ്യർ തസ്തിക സൃഷ്ടിച്ച സർക്കാരിന്റെ ഉദ്ദേശ്യത്തിന് വിരുദ്ധമായി കൊച്ചി സിറ്റി എ.ആർ കാഷ്യറെ നിയമവിരുദ്ധമായി 22-07-2017 ലെ എ 1(ബി) 11070/1/ഇ.സി ഉത്തരവ് പ്രകാരം കൊച്ചി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ ജോലി ചെയ്യാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; കാഷ്യറെ മാറ്റി നിയമിച്ചിട്ട് എത്ര വർഷമായെന്നറിയിക്കുമോ ; | (എ) (ബി) (സി) (ഡി) (ഇ) (എഫ്) & (ജി) ജില്ല സായുധ സേനാ വിഭാഗം അപ്രസക്തമായ സാഹചര്യത്തിൽ എ.ആർ കാഷ്യർ തസ്തിക ഷിഫ്റ്റ് ചെയ്ത് സമാന തസ്തികയായ ഹെഡ് ക്ലാർക്ക് ആക്കി സിറ്റി ജില്ലാ പോലീസ് ഓഫീസിൽ നിയമിക്കുന്ന കാര്യം പരിശോധിക്കാൻ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) കാഷ്യർ ഇല്ലാത്ത അവസ്ഥയിൽ ദിവസേന യുള്ള എ.ആർ. കാഷ്യരുടെ ജോലികൾ മറ്റുള്ളവർ ചെയ്യുന്നതും എ.ആർ ക്യാമ്പിലെ ഒരു ഉദ്യോഗസ്ഥൻ കാഷ് ബുക്കുകളും മറ്റ് രേഖകളും ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ | |

കൊണ്ടു വന്ന് കാഷിന്റെ ഫിസിക്കൽ വെരിഫിക്കേഷൻ ഇല്ലാതെ കാഷ്യറുടെ ഒപ്പിട്ട് വാങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊച്ചി സിറ്റി എ.ആറിൽ ആരെയെങ്കിലും ചട്ടവിരുദ്ധമായി എ.ആർ കാഷ്യർ അസിസ്റ്റന്റ് എന്ന ഇല്ലാത്ത തസ്തികയിൽ നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) സംസ്ഥാന പോലീസ് മേധാവി നിയമിക്കുന്ന എ.ആർ.കാഷ്യറെ മറ്റ് ചുമതലകൾ നൽകി ഓഫീസ് മാറ്റി നിയമിച്ച കാര്യം പോലീസ് ആസ്ഥാനത്ത് അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) കാഷ്യർ തസ്തിക ഉള്ള ഓഫീസുകളിൽ ക്യാഷിന്റെ ചുമതല കാഷ്യർ തന്നെ വഹിക്കണം എന്ന സംസ്ഥാനപോലീസ് മേധാവിയുടെ കർശന നിർദ്ദേശത്തിനും കേരള ട്രഷറി കോഡിനും കേരള പോലീസിലെ സർക്കുലർ നം.21/76 പ്രകാരം കാഷ്യർക്ക് മറ്റ് ചുമതലകൾ നൽകാൻ പാടില്ല എന്ന ഉത്തരവിനും വിരുദ്ധമായി കാഷ്യർക്ക് മറ്റ് ചുമതലകൾ നൽകി ക്കൊണ്ടുള്ള കഴിഞ്ഞ 3 വർഷത്തെ ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ;

(എഫ്) എ.ആർ കൊച്ചി കാഷ്യറെ ഓഫീസ് മാറ്റി നിയമിച്ചിരിക്കുന്നതിനാൽ കാഷ് ബുക്ക് എഴുതുന്നത് ആരാണ് എന്ന് കണ്ടെത്താൻ കയ്യക്ഷര പരിശോധന നടത്തുമോ; നിയമ വിരുദ്ധമായി ക്യാഷ് ചെസ്റ്റ്, ക്യാഷ്, ക്യാഷ് ബുക്ക് തുടങ്ങിയവ കൈകാര്യം ചെയ്യുന്നത് ആരാണ് എന്ന് കണ്ടെത്താൻ ഇക്കാല യളവിൽ കാഷ്യർ തസ്തികയിൽ ഉണ്ടായിരുന്നവരുടെ മൊഴി രേഖപ്പെടുത്തി വിശദമായ അന്വേഷണം നടത്തുമോ; എ.ആർ കൊച്ചി സിറ്റി കാഷ്യറെ ഓഫീസിൽ നിന്നും മാറ്റി നിയമിച്ചിരിക്കുന്ന കാലയളവിലെ സാമ്പത്തിക ഇടപാടുക ളുടെ ഉത്തരവാദിത്തം ആർക്കാണ്;

(ജി) നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി കൊച്ചി സിറ്റി എ.ആർ കാഷ്യറെ ക്യാഷ് ചെസ്റ്റുള്ള സ്ഥലത്തു നിന്നും മാറ്റി നിയമിച്ച നിയമവിരുദ്ധമായി പോലീസ് ഉദ്യോഗസ്ഥർ ക്യാഷ് ചെസ്റ്റ് കൈകാര്യം ചെയ്യുന്ന സാഹചര്യം ഉണ്ടാ ക്കിയ കൊച്ചി സിറ്റി പോലീസ് ഓഫീ സിലെ ഭരണവിഭാഗത്തിലെ ഉദ്യോഗസ്ഥ രുടെ ഭാഗത്ത് സംഭവിച്ച ഗുരുതരമായ ചട്ട ലംഘനത്തിനും മേൽനോട്ട പിശകിനും എതിരെ സമഗ്ര അന്വേഷണം നടത്തി ചട്ടവിരുദ്ധമായി വീഴ്ചകൾ വരുത്തിയവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ?

**സെക്ഷൻ ഓഫീസർ**